"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ ചെറുകാവ് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി പി.എസ്. സൽമ ബീവിയ്ക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കിയതത് - അപ്പീൽ ഹർജി നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.435/2026/LSGD തീയതി,തിരുവനന്തപുരം, 20-02-2026

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 07/08/2020 തീയതിയിലെ PAN/9459/2020-D4(DP) നമ്പർ ഉത്തരവ്.
2. പഞ്ചായത്ത് ഡയറക്ടറുടെ 05/11/2020 തീയതിയിലെ PAN/9459/2020-D4(DP)നമ്പരായി ശ്രീമതി സൽമ ബീവിക്ക് നൽകിയിട്ടുള്ള കുറ്റാരോപണ മെമ്മോ/പത്രിക
3. പഞ്ചായത്ത് ഡയറക്ടറുടെ 02/02/2021 തീയതിയിലെ PAN/9459/2020-D4 (DP) നമ്പർ ഉത്തരവ്.
4. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 14.01.2022 MPM/1641/2020-D4 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.
5. ശ്രീമതി സൽമ ബീവിയ്ക്ക് 06/11/2022 തീയതിയിൽ നൽകിയ കാരണം കാണിക്കൽ നോട്ടീസ്.
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19/03/2025 തീയതിയിലെ LSGD/PD/5242/2025 VIGD6 നമ്പർ ഉത്തരവ്.
7. ശ്രീമതി പി.എസ്. സൽമ ബീവി-യുടെ 11/06/2025 തീയതിയിലെ അപ്പീൽ അപേക്ഷ.
8. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01/07/2025, 06/11/2025 എന്നീ തീയതികളിലെ LSGD/PD/5242/2025-VIGD6 നമ്പർ കത്തുകൾ.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ ചെറുകാവ് ഗ്രാമ പഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി പി.എസ്. സൽമ ബീവി കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാതെയും, ലോക്ക് ഡൗൺ പ്രഖ്യാപിച്ചതിനു ശേഷം ഓഫീസിൽ ഹാജരാകാതെയും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ജീവനക്കാർക്ക് നിർദ്ദേശം നൽകേണ്ട സെക്രട്ടറി തികച്ചും ഉത്തരവാദിത്വമില്ലാതെ പെരുമാറുന്നതായും ഇതുമൂലം യഥാസമയം ചെറുകാവ് ഗ്രാമ പഞ്ചായത്തിലെ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കാതെ വരുന്നുവെന്നും മലപ്പുറം ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ശ്രീമതി പി.എസ്. സൽമ ബീവി-യെ പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സസ്പെന്റ് ചെയ്തിരുന്നു.

2. തുടർന്ന്, ശ്രീമതി.സൽമ ബീവിക്കെതിരെ പരാമർശം (2) പ്രകാരം കുറ്റാരോപണമെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും പ്രസ്തുത അച്ചടക്കനടപടിക്ക് ഭംഗം വരാത്തവിധം, ടിയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, ടിയാളുടെ സസ്പെഷൻഷൻ പിൻവലിച്ച് ജോലിയിൽ പുനപ്രവേശിപ്പിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

3. ടിയാൾക്കെതിരായുള്ള അച്ചടക്കനടപടി തുടരുന്നതിന്റെ ഭാഗമായി ടിയാൾ സമർപ്പിച്ച പ്രതിവാദപത്രികയുടെ അടിസ്ഥാനത്തിൽ ഔപചാരിക അന്വേഷണം നടത്തി മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചതിനെ തുടർന്ന് ടിയാളെ നേരിൽ കേട്ട്, പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ആയതിന് ടിയാൾ സമർപ്പിച്ച എതിർവാദപത്രികയിന്മേൽ ജോയിന്റ് ഡയറക്ടറുടെ അഭിപ്രായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാൾക്കെതിരെയുള്ള കുറ്റാരോപണങ്ങൾ നിലനിൽക്കുന്നതായും താൽക്കാലിക ശിക്ഷ ഇളവു ചെയ്യുന്നതിന് മതിയായ വാദങ്ങളൊന്നും ടിയാൾ സമർപ്പിച്ചിട്ടില്ലെന്നും ബോധ്യപ്പെട്ടിരുന്നു. നേരിൽ കേട്ട വേളയിയിലും ടിയാൾ സമർപ്പിച്ച പ്രതിവാദപത്രികകളിലും ഉന്നയിച്ചിട്ടുള്ള വാദങ്ങൾ അംഗീകരിക്കാൻ സാധിക്കാത്തതും ടിയാൾക്കെതിരെയുള്ള കുറ്റാരോപണങ്ങൾ നിലനിൽക്കുന്നതായി ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാലും 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പിലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ആരംഭിച്ചിട്ടുള്ള അച്ചടക്കനടപടി, കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 (1) (III) പ്രകാരം ടിയാളുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞു കൊണ്ട് അച്ചടക്കനടപടി തീർപ്പാക്കി പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (6) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

4. മേൽ ഉത്തരവിനെതിരെ പരാമർശം (7) പ്രകാരം ശ്രീമതി പി.എസ്. സൽമ

ബീവി സർക്കാരിൽ അപ്പീൽ സമർപ്പിക്കുകയുണ്ടായി.

**5.** മേൽ വിഷയവുമായി ബന്ധപ്പെട്ട് **06.11.2022**-ൽ ശ്രീമതി സൽമ ബീവിയ്ക്ക് നൽകിയ കാരണം കാണിക്കൽ നോട്ടീസിന് ടിയാൾ ലഭ്യമാക്കിയ മറുപടിയിലെ വസ്തുതകൾക്കോ, നേരിൽ കേട്ട വേളയിൽ ടിയാൾ ഉന്നയിച്ച വാദഗതികൾക്കോ ഉപരിയായി എന്തെങ്കിലും ടിയാൾ അപ്പീൽ അപേക്ഷയിൽ ഉന്നയിച്ചിട്ടുണ്ടോ എന്നു് പരിശോധിച്ച് ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയ പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം **(6)** ഉത്തരവ് **KCS (CC & A) Rule** പ്രകാരമുള്ള നടപടി ക്രമങ്ങളെല്ലം പാലിച്ചാണോ പുറപ്പെടുവിച്ചിട്ടുള്ളത് എന്ന് ഉറപ്പുവരുത്തിയശേഷം ആയത് പുനപരിശോധിക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിലുണ്ടോ എന്നത് സംബന്ധിച്ച് വ്യക്തമായ ശിപാർശ സഹിതം റിപ്പോർട്ട് ലഭ്യമാക്കാൻ പ്രിൻസിപ്പൽ ഡയറക്ടറോട് നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം **(8)** പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ചുവടെ പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

*ശ്രീമതി സൽമ ബീവിക്കെതിരെ **05.11.2020**-ൽ പുറപ്പെടുവിച്ച കുറ്റാരോപണ മെമ്മോയ്ക്കും **06.11.2022**-ൽ നൽകിയ കാരണം കാണിക്കൽ നോട്ടീസിനും ടിയാൾ ലഭ്യമാക്കിയ മറുപടിയിലെ വസ്തുതകൾക്കോ, നേരിൽ കേട്ട വേളയിൽ ടിയാൾ ഉന്നയിച്ച വാദഗതികൾക്കോ ഉപരിയായി യാതൊന്നും തന്നെ അപ്പിൽ അപേക്ഷയിൽ ഉന്നയിച്ചിട്ടില്ലെന്നും ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയ ഉത്തരവ് **KCS (CC & A) Rule** പ്രകാരമുള്ള നടപടി ക്രമങ്ങളെല്ലം പാലിച്ചാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും ആയതിനാൽ തന്നെ ടി ഉത്തരവ് പുനപരിശോധിക്കേണ്ട സാഹചര്യം നിലവിലില്ല എന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.*

**6.** പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ് പ്രതിരോധ പ്രവർത്തങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് തലത്തിലെ വിവിധ പ്രവർത്തനങ്ങൾ മുന്നിൽ നിന്ന് നയിക്കേണ്ട ഓഫീസ് മേധാവി കൂടിയായ സെക്രട്ടറിയായിരുന്ന ശ്രീമതി സൽമ ബീവി പി.എസ്., ഓഫീസ്, കോവിഡ് പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനുള്ള ഉത്തരവാദിത്വം നിറവേറ്റുന്നതിൽ വീഴ്ച വരുത്തിയതായുള്ള ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും കുറ്റാരോപിതയെ നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ കുറ്റാരോപണം നിലനിൽക്കുന്നതായി നിരീക്ഷിച്ചാണ് മലപ്പുറം ജില്ലയിലെ ചെറുകാവ് ഗ്രാമ പഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി പി.എസ്.സൽമ ബീവിക്കെതിരെ, കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം **15** പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ, കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം **11 (1) (III)** പ്രകാരം ടിയാളുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞു കൊണ്ട്

പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (6) പ്രകാരം ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുള്ളത്. ആയത് നടപടിക്രമങ്ങളെല്ലാം പാലിച്ച് ക്രമപ്രകാരമാണ് തീർപ്പാക്കിയതെന്ന് കാണുന്നതിനാൽ പ്രസ്തുത ഉത്തരവ് പുനപരിശോധിക്കേണ്ട സാഹചര്യം നിലവില്ല. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ പരാമർശം (7) അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. ശ്രീമതി പി.എസ്. സൽമ ബീവി, മുൻ സെക്രട്ടറി, ചെറുകാവ് ഗ്രാമപഞ്ചായത്ത്, മലപ്പുറം. *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം മുഖേന).*
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, മലപ്പുറം.
4. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി3/135/2025/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

**Signed by Riju M Das**
**Date: 20-02-2026 11:15:58**

സെക്ഷൻ ഓഫീസർ